പി.കെ ജമാൽ

# വഅ്ള്: പ്രസക്തിയും പ്രാധാന്യവും

**ഒരു** കാലഘട്ടത്തിൽ സമൂഹത്തെ ബോധവൽക്കരിക്കുന്ന ദൗത്യം ഒരളവോളം നിറവേറ്റിയത് 'വഅ്ളുകളാ'(മതപ്രഭാഷണങ്ങൾ)യിരുന്നു. നൂറ്റാണ്ടുകളോളം സജീവമായി നിലനിന്ന ഈ ബോധനമാധ്യമത്തിന് ഇന്ന് പക്ഷേ, പഴയ പ്രതാപമില്ല. രാത്രി പ്രസംഗങ്ങളുടെ പഴയകാലം ഏറക്കുറെ ഇന്ന് ഓർമയായിക്കഴിഞ്ഞിരിക്കുന്നു. വിവിധ സംഘടനകൾ തങ്ങളുടെ പണ്ഡിതന്മാരെ അണിനിരത്തി നടത്തിക്കൊണ്ടിരുന്ന വഅ്ളുകൾ സമുദായഹൃദയത്തിൽ സൃഷ്ടിച്ച മതബോധത്തെ തള്ളിപ്പറയാൻ സാധ്യമല്ല. ഓരോ വിഭാഗവും തങ്ങളുടെ ഹിതത്തിനൊത്ത് മതപ്രമാണങ്ങളെ വ്യാഖ്യാനിച്ചു എന്ന ദോഷവശം മാറ്റിവെച്ചാലും അതുണ്ടാക്കിയ നന്മകൾ ഏറെയായിരുന്നു. പല പരമ്പരകളും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ധനശേഖരണത്തോടെയായിരുന്നു സമാപിച്ചിരുന്നത്. 'ചിറ്റുമുറിപ്പൻ' വഅ്ളുകൾക്കായിരുന്നു പ്രചാരം. അതിൽ വൈദഗ്ധ്യം നേടി കമ്മിറ്റികൾക്ക് സംഭാവന കൊയ്തുകൊടുക്കുന്ന 'വാഇളു'കളെ തേടിപ്പിടിച്ച് കൊണ്ടുവരുന്നതിലായിരുന്നു കമ്മിറ്റിയുടെ മിടുക്ക്. പെട്രോഡോളർ എത്തിത്തുടങ്ങുകയും സാമ്പത്തിക സ്രോതസ്സുകൾ വർധിക്കുകയും ചെയ്തതോടെ വഅ്ളുകൾ ഇല്ലാതെയും സ്ഥാപനങ്ങൾ നിലനിർത്താമെന്നായി. വഅ്ള് പരമ്പരകൾ 'വഷള്' പരമ്പരകളായി തരംതാണ് കേൾക്കാൻ കൊള്ളാത്തവിധം നിലവാരത്തകർച്ച നേരിട്ട ഒരു കാലമുണ്ടായിരുന്നു. അനുഷ്ഠാനമുറകൾ കൈകാര്യം ചെയ്യുന്ന പാതിരാപ്രസംഗങ്ങൾ സെക്സിനെ തൊട്ടും തലോടിയും തീരുന്നത് രാവേറെ ചെന്നായിരിക്കും. നിലാവുള്ള രാത്രികളിൽ ചൂട്ടുകറ്റപ്പിടിച്ച പായയുമായി വഅ്ള് നടക്കുന്ന വയലുകളിലേക്കുള്ള സ്ത്രീകളുടെ സഞ്ചാരം നാട്ടിൻപുറങ്ങളിലെ കൗതുകമുള്ള കാഴ്ചയായിരുന്നു. ഉത്സവത്തിന്റെ നിറവിൽ നടക്കുന്ന പ്രസംഗങ്ങളുടെ ശൈലിയും ഈണവും പഴയ തലമുറയുടെ ഓർമകളിൽ തെളിയുന്നുണ്ടാവണം. സകല സദാചാരമൂല്യങ്ങളുടെയും മര്യാദയുടെയും മാന്യതയുടെയും അതിർവരമ്പുകൾ തകർത്ത് മുന്നേറുന്ന പ്രസംഗങ്ങളുടെയും രാക്കഥകളുടെയും ചാകരക്കാലം വരുമ്പോൾ വീടുപൂട്ടി നാടുവിടുന്നവരും വിരളമായിരുന്നില്ല. അത് ഒരുകാലം. വ്യത്യസ്ത കക്ഷികളുടെ ഖണ്ഡന-മണ്ഡന പ്രസംഗങ്ങളും വാദ-പ്രതിവാദങ്ങളും വേറെ.

ഖുർആനും സുന്നത്തും അംഗീകരിച്ച ശക്തമായ പ്രബോധന മാധ്യമമാണ് വഅ്ള്. ഹൃദയത്തിൽ നന്മയും ദീനീബോധവും സൃഷ്ടിക്കാനുള്ള വഅ്ളിന്റെ കഴിവ് അപാരമാണ്. ഹൃദയങ്ങളെ തരളിതമാക്കാനും മനസ്സുകളുടെ അടഞ്ഞ വാതിലുകൾ തുറക്കാനും ശ്രോതാവിനെ അറിവിന്റെ വിശാല വിഹായസ്സിലേക്കാനയിക്കാനും പ്രഗത്ഭനായ ഒരു മതപ്രഭാഷകന് കഴിയും. മനുഷ്യൻ, പ്രപഞ്ചം, ജീവിതം, മരണം, മരണാനന്തരജീവിതം, സ്വർഗം, നരകം, പ്രവാചകന്മാർ, സ്വഹാബിമാർ, താബിഉകൾ തുടങ്ങി ഭൗതികവും ഭൗതികാതീതവുമായ വൈവിധ്യമാർന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വഅ്ള് സ്വഭാവ രൂപവൽക്കരണത്തിലും വിശിഷ്ട മൂല്യങ്ങൾ ഊട്ടിയുറപ്പിക്കുന്നതിലും വഹിക്കുന്ന പങ്ക് വലുതാണ്. ഇന്നത്തെപ്പോലെ മതഗ്രന്ഥങ്ങളും കൃതികളും സുലഭമല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ വിജ്ഞാന വിതരണത്തിനുള്ള ഏകോപാധി ഗ്രാമങ്ങളിലും നാട്ടിൻപുറങ്ങളിലും നടന്നുകൊണ്ടിരുന്ന രാത്രിപ്രസംഗങ്ങളാണ്. അതിലൂടെ ജനങ്ങൾ മതം പഠിച്ചു. അനുഷ്ഠാനമുറകൾ മനസ്സിലാക്കി. കർമശാസ്ത്രവിധികൾ ഗ്രഹിച്ചു. മതബോധം അവരുടെ കർമ മണ്ഡലങ്ങളിൽ വെളിച്ചം പരത്തി.

നവോത്ഥാന-പരിഷ്കരണ സംരംഭങ്ങൾക്ക് അടിത്തറ പാകുകയും ബഹുജനഹൃദയങ്ങളെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ സജ്ജമാക്കുകയും ചെയ്ത വഅ്ളിനെ പഴയ സജീവതയിലേക്ക് തിരിച്ചുകൊണ്ടുവരേണ്ടതുണ്ട്. വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും ഇസ്‌ലാമികമായ ആസ്പദങ്ങളിൽ ഉറപ്പിച്ചുനിർത്താനും തെളിച്ചം മങ്ങുന്ന മൂല്യങ്ങൾക്ക് തിളക്കമേറ്റാനും നടത്തുന്ന ശ്രമങ്ങൾക്ക് വഅ്ളിലേക്കുള്ള തിരിച്ചുപോക്ക് ആക്കം കൂട്ടും. 'മനുഷ്യനെ വിശ്വാസത്തിൽനിന്ന് പിന്തിരിപ്പിക്കുന്ന ഫിത്നകളും പരീക്ഷണങ്ങളും അന്ത്യനാളിൽ ഒന്നിനൊന്ന് വർധിച്ചുകൊണ്ടേയിരിക്കും. വസ്ത്രത്തിന്റെ വരയും കുറിയും തിളക്കവും ദീർഘോപയോഗത്താൽ മങ്ങുന്നതു പോലെ വിശ്വാസത്തിന്റെ നിറവും മങ്ങും' എന്ന് സൂചിപ്പിച്ച പ്രവാചകൻ അടിക്കടിയുള്ള ഉദ്ബോധനത്തിലൂടെയും ഉപദേശത്തിലൂടെയും ഇത് മറികടക്കാനാവുമെന്ന് പഠിപ്പിക്കുന്നു. ജനഹൃദയങ്ങളിലേക്ക് ഒരു സന്ദേശം പകരുന്ന ഏത് വ്യക്തിയും 'വാഇളാ'ണ്. പരത്തി പറഞ്ഞാൽ ഭിഷഗ്വരനും ശാസ്ത്രജ്ഞരും തങ്ങളുടെ മണ്ഡലങ്ങളിൽ നടത്തുന്ന സേവനങ്ങളും ഗവേഷണങ്ങളും മുഖേന സ്രഷ്ടാവിന്റെ കഴിവുകളെക്കുറിച്ച സന്ദേശം ജനങ്ങളിൽ എത്തിക്കുന്നുണ്ട്. തിന്മയിൽനിന്ന് തടയുകയും നന്മയിലേക്ക് നയിക്കുകയും ചെയ്യുന്ന അന്തഃചോദനകളെയും പ്രേരണകളെയും ഓരോ വ്യക്തിയുടെയും ഉള്ളിലുള്ള വാഇളായി നബി(സ) വിശേഷിപ്പിച്ചതായി കാണാം. സ്രഷ്ടാവിനോടുള്ള ബന്ധം ശക്തിപ്പെടുത്തുകയും രക്ഷാശിക്ഷകളെക്കുറിച്ചും സ്വർഗ-നരകങ്ങളെക്കുറിച്ചും ഹൃദയസ്പൃക്കായ അവതരണത്തിലൂടെ ജനഹൃദയങ്ങളിലേക്കിറങ്ങിച്ചെല്ലുകയും ചെയ്യുന്ന മതപ്രഭാഷണങ്ങളാണ് വഅ്ള് എന്ന് നാം പറഞ്ഞുപോരുന്നത്. അത് ജനങ്ങളുടെ ബോധമണ്ഡലത്തെ തട്ടിയുണർത്തും. പശ്ചാത്താപവിവശമായ ഹൃദയത്തോടെ പാപികൾ തിരിച്ചുവരും. ഇസ്‌ലാമിന്റെ ആദികാലങ്ങളിൽ വാഇളുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. പ്രസിദ്ധരായ പല പണ്ഡിതശ്രേഷ്ഠരും വാഇളുകളുടെ സദസ്സുകളിൽ ചെല്ലാറുണ്ടായിരുന്നു. ഇബ്നുൽ ജൗസിയുടെ വഅ്ള് സദസ്സുകളിൽ പതിനായിരത്തിൽപരം ശ്രോതാക്കൾ സംബന്ധിക്കാറുണ്ടായിരുന്നുവെന്നും പിറകിലേക്ക് പിറകിലേക്ക് ശബ്ദമെത്തിക്കാൻ ദശക്കണക്കിൽ 'മുബല്ലിഗു'കളെ ഏർപ്പെടുത്തിയിരുന്നുവെന്നും ചരിത്രത്തിലുണ്ട്. സർവതലങ്ങളിലുമുള്ള ആളുകൾ ഇത്തരം സദസ്സുകളിൽ സംബന്ധിക്കും. ഉദ്ദേശ്യശുദ്ധിയോടെ നടത്തുന്ന വഅ്ളുകൾക്കും ഉപദേശങ്ങൾക്കും ഫലമുണ്ടാവുമെന്നതിന്റെ തെളിവാണ് ആയിരക്കണക്കിനാളുകൾ ഈ സദസ്സുകളിൽ വെച്ച് ഇസ്‌ലാം സ്വീകരിച്ചുവെന്നത്. 'ഹൃദയത്തിൽനിന്നുത്ഭവിക്കുന്നത് ഹൃദയത്തിലേക്ക് ഇറങ്ങിച്ചെല്ലും' എന്നാണല്ലോ ആപ്തവാക്യം.

**വഅ്ള് ഖുർആനിൽ**

വഅ്ളിന്റെ പ്രസക്തിയെയും പ്രാധാന്യത്തെയും കുറിച്ച് ഖുർആനിലും ഹദീസുകളിലും നേരിട്ടും അല്ലാതെയും നിരവധി പരാമർശങ്ങൾ കാണാം. ഇവിടങ്ങളിലെല്ലാം 'വഅ്ള്' എന്ന പദപ്രയോഗം തന്നെയാണ് അല്ലാഹുവും റസൂലും നടത്തിയതെന്ന് ഓർക്കണം. ചില ഖുർആൻ സൂക്തങ്ങളും ഹദീസുകളും ഉദ്ധരിക്കാം:

وَٱذْكُرُواْ نِعْمَتَ ٱللَّهِ عَلَيْكُمْ وَمَآ أَنزَلَ عَلَيْكُم مِّنَ
ٱلْكِتَٰبِ وَٱلْحِكْمَةِ يَعِظُكُم بِهِۦ ۚ

(നിങ്ങളുടെ മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹവും വേദവും വിജ്ഞാനവും നിങ്ങൾക്ക് അവതരിപ്പിച്ചതും നിങ്ങൾ ഓർക്കുക. അവൻ നിങ്ങളെ ഉപദേശിക്കുകയാണ് – *അൽ ബഖറ*: 231).

ذَٰلِكُمْ يُوعَظُ بِهِۦ مَن كَانَ يُؤْمِنُ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ ۚ

(അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്ക് ഈ വിധം ഉപദേശം നൽകപ്പെടുകയാണ് – *അത്ത്വലാഖ്*: 2).

പ്രവാചക പത്നി ആഇശയെക്കുറിച്ച അപവാദം പ്രചരിപ്പിക്കപ്പെട്ടപ്പോൾ ഇത് ദുരുപദിഷ്ടമായ വ്യാജാരോപണമാണെന്നു പറഞ്ഞ് എന്തുകൊണ്ട് വിശ്വാസികൾ തള്ളിക്കളഞ്ഞില്ല എന്ന ചോദ്യം അല്ലാഹു അവസാനിപ്പിക്കുന്നതിങ്ങനെയാണ്:

يَعِظُكُمُ ٱللَّهُ أَن تَعُودُواْ لِمِثْلِهِۦٓ أَبَدًا إِن كُنتُم مُّؤْمِنِينَ ﴿١٧﴾

(മേലിലെങ്കിലും ഇത്തരം ചെയ്തികൾ ആവർത്തിക്കരുതെന്ന് അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നു – *അന്നൂർ*: 16,17).

ലുഖ്മാൻ മകന് നൽകിയ സാരോപദേശങ്ങളുടെ വിശദമായ പ്രതിപാദനം ഖുർആൻ ആരംഭിക്കുന്നതിങ്ങനെ:

وَإِذْ قَالَ لُقْمَٰنُ لِٱبْنِهِۦ وَهُوَ يَعِظُهُۥ يَٰبُنَىَّ لَا تُشْرِكْ
بِٱللَّهِ ۖ إِنَّ ٱلشِّرْكَ لَظُلْمٌ عَظِيمٌ ﴿١٣﴾

(ലുഖ്മാൻ സ്വപുത്രനെ ഉപദേശിച്ച് പറഞ്ഞതോർക്കുക: പ്രിയമകനേ, നീ അല്ലാഹുവിൽ പങ്കുചേർക്കരുത്. തീർച്ചയായും ശിർക്ക് കൊടിയ പാപമാകുന്നു – *ലുഖ്മാൻ*: 13).

ഇസ്‌ലാം ഊന്നുന്ന ആശയങ്ങളെ സമഗ്രമായി പ്രതിനിധാനം ചെയ്യുന്ന ചില സൂക്തങ്ങൾ ഇങ്ങനെ വായിക്കാം:

۞ إِنَّ ٱللَّهَ يَأْمُرُكُمْ أَن تُؤَدُّواْ ٱلْأَمَٰنَٰتِ إِلَىٰٓ أَهْلِهَا وَإِذَا حَكَمْتُم بَيْنَ ٱلنَّاسِ
أَن تَحْكُمُواْ بِٱلْعَدْلِ ۚ إِنَّ ٱللَّهَ نِعِمَّا يَعِظُكُم بِهِۦٓ ۗ إِنَّ ٱللَّهَ كَانَ سَمِيعًۢا بَصِيرًا

(അമാനത്തുകൾ അവയുടെ ഉടമകൾക്ക് തിരിച്ചുകൊടുക്കണമെന്നും ജനങ്ങൾക്കിടയിൽ തീരുമാനം കൽപിക്കുമ്പോൾ നീതിപൂർവം തീരുമാനം കൽപിക്കണമെന്നും അല്ലാഹു നിങ്ങളോടാജ്ഞാപിക്കുന്നു. എത്ര നല്ല ഉപദേശമാണ് അല്ലാഹു നിങ്ങൾക്ക് നൽകുന്നത്! തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു – *അന്നിസാഅ്*: 58).

۞ إِنَّ ٱللَّهَ يَأْمُرُ بِٱلْعَدْلِ وَٱلْإِحْسَٰنِ وَإِيتَآئِ ذِى ٱلْقُرْبَىٰ
وَيَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ وَٱلْبَغْىِ ۚ يَعِظُكُمْ لَعَلَّكُمْ تَذَكَّرُونَ ﴿٩٠﴾

(നീതിയും നന്മയും പ്രവർത്തിക്കാനും കുടുംബ ബന്ധങ്ങൾ പുലർത്താനും അല്ലാഹു നിങ്ങളോട് അനുശാസിക്കുന്നു. മ്ലേഛവും നിഷിദ്ധവും അക്രമവും വിരോധിക്കുകയും ചെയ്യുന്നു. നിങ്ങൾ പാഠം പഠിക്കാൻ അവൻ നിങ്ങളെ ഉപദേശിക്കുന്നു – *അന്നഹ്ൽ*: 90).

يَٰٓأَيُّهَا ٱلنَّاسُ قَدْ جَآءَتْكُم مَّوْعِظَةٌ مِّن رَّبِّكُمْ وَشِفَآءٌ لِّمَا فِى ٱلصُّدُورِ
وَهُدًى وَرَحْمَةٌ لِّلْمُؤْمِنِينَ ﴿٥٧﴾

(ജനങ്ങളെ! നിങ്ങളുടെ നാഥങ്കൽനിന്നുള്ള ഉപദേശം നിങ്ങൾക്ക് വന്നിരിക്കുന്നു; നെഞ്ചകങ്ങളിലുള്ള (രോഗങ്ങൾക്ക്) ശമനൗഷധവും സന്മാർഗദർശനമായും വിശ്വാസികൾക്ക് കാരുണ്യമായും (ഇത് അവതരിച്ചിരിക്കുന്നു).”

أُوْلَٰٓئِكَ ٱلَّذِينَ يَعْلَمُ ٱللَّهُ مَا فِى قُلُوبِهِمْ فَأَعْرِضْ عَنْهُمْ
وَعِظْهُمْ وَقُل لَّهُمْ فِىٓ أَنفُسِهِمْ قَوْلًۢا بَلِيغًا ﴿٦٣﴾

(അവരുടെ ഹൃദയങ്ങളിലുള്ളത് അല്ലാഹുവിന്നറിയാം. അതിനാൽ അവരിൽനിന്ന് തിരിഞ്ഞു കളയുക. അവരെ ഉപദേശിക്കുക. അവരുടെ ഹൃദയങ്ങളിൽ ഇറങ്ങുന്ന കുറിക്ക് കൊള്ളുന്ന വാക്കുകൾ പറയുകയും ചെയ്യുക).

ഈ സൂക്തങ്ങളിലെല്ലാം അല്ലാഹു ഉപയോഗിച്ചത് ‘വഅ്ള്’ എന്ന ധാതുവിൽനിന്നുള്ള പദങ്ങളാണ്.

**വാഇളായ പ്രവാചകൻ**

നബി(സ)യുടെ ജീവിതം പ്രബോധനമായിരുന്നു. ഉദ്ബോധിപ്പിച്ചും ഉപദേശിച്ചും ഉണർത്തിയും അനുസ്മരിപ്പിച്ചും മുന്നേറിയ ആ ജീവിതത്തിലെ ഓരോ നിമിഷവും വഅ്ളായിരുന്നു. സുന്നത്ത് അതിന്റെ വിശാല വിവക്ഷയിൽ വഅ്ളാണ്. സ്വഹാബിമാർ പലപ്പോഴും ഒരു സംഭവം വിവരിക്കുന്നത് നബി(സ) ഞങ്ങളെ ഉപദേശിച്ചു, അനുസ്മരിപ്പിച്ചു (وعظ وذكر) എന്ന് പറഞ്ഞുകൊണ്ടാണ്.

ഖൈബറിൽ ജൂതരെ പ്രതിനിധാനം ചെയ്ത് അവരുടെ നേതാവ് അനുചരന്മാരെക്കുറിച്ച് പരാതിയുമായി വന്നപ്പോൾ ആളുകളെ ഒരുമിച്ചുകൂട്ടാൻ ആവശ്യപ്പെട്ട് നബി(സ) പ്രസംഗിച്ചു.

**ثم قام فقال: "أيحسب أحدكم متكأ على أريكته، قد يظن أن الله لم يحرم شيأً إلا مافى هذا القرآن؟ ألا وإنى والله قد وعظت وأمرت ونهيت عن أشياء ، إنها لمثل القرآن أو أكثر.........."**

(ഒരാൾ തന്റെ ചാരുമഞ്ചത്തിൽ ചാഞ്ഞിരുന്ന് കരുതുകയാണോ, ഈ ഖുർആനിലുള്ളതല്ലാത്തതൊന്നും അല്ലാഹു നിരോധിച്ചിട്ടില്ലെന്ന്? അറിയുക, അല്ലാഹുവാണ് സത്യം! ഞാൻ നിങ്ങളെ പലകാര്യങ്ങളും ഉപദേശിച്ചിട്ടുണ്ട്, കൽപിച്ചിട്ടുണ്ട്, നിരോധിച്ചിട്ടുണ്ട്. അത് ഖുർആനെ പോലെയോ അതിൽ കൂടുതലോ ആണ്..........).

ഓരോ സന്ദർഭത്തിലും ഇടവിട്ട് ഞങ്ങളോട് വഅ്ള് പറയുമായിരുന്നു നബി എന്ന് സ്വഹാബിമാർ അനുസ്മരിക്കുന്നു:

**عن ابن عباس رضي الله عنهما قال: قام فينا رسول الله ﷺ بموعظة فقال: "إنكم محشورون إلى الله تعالى حفاة عراة غرلاً ، كما بدأ أول خلق بعيده ، وعدا علينا إنا كنا فاعلين ........" الحديث.**

ഒരിക്കൽ റസൂൽ ഞങ്ങളെ ഉപദേശിക്കാനായി എഴുന്നേറ്റു നിന്നു: “നിങ്ങൾ നഗ്നരായി, നഗ്നപാദരായി അല്ലാഹുവിന്റെ സന്നിധിയിൽ ഒരുമിച്ചുകൂട്ടപ്പെടും........”

മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസ്: “ഒരു പെരുന്നാൾ ദിനത്തിൽ ബാങ്കും ഇഖാമത്തുമില്ലാതെ നബി(സ) പ്രസംഗത്തിനു മുമ്പ് നമസ്കാരം തുടങ്ങി. അല്ലാഹുവിനെ സൂക്ഷിക്കണമെന്നാജ്ഞാപിക്കുകയും അവനെ അനുസരിച്ച് ജീവിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. ഞങ്ങളെ ഉപദേശിച്ചു, ഉദ്ബോധിപ്പിച്ചു. പിന്നെ സ്ത്രീകളുടെ അടുത്തേക്ക് നീങ്ങി അവരോട് വഅ്ള് പറഞ്ഞു, ഉദ്ബോധിപ്പിച്ചു.”

*സൂറത്തുന്നൂറി*ലെ 6 മുതൽ 9 വരെ സൂക്തങ്ങൾ ദമ്പതി

കൾ പരസ്പരം ശാപപ്രാർഥന നടത്തുന്നതിനെക്കുറിച്ചാണ്. നബി ഈ ആയത്തുകൾ അയാൾക്ക് ഓതിക്കേൾപ്പിക്കുകയും അയാളെ ഉപദേശിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്തു....... അനന്തരം അവൾക്കും ഓതിക്കേൾപ്പിച്ചു. അവളെയും ഉപദേശിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്തു.

തിർമിദി റിപ്പോർട്ട് ചെയ്ത ഹദീസിൽ നബി ജനങ്ങളെ സംബോധന ചെയ്ത് അവരോട് വഅ്ള് പറഞ്ഞു: എന്നിട്ട് പറഞ്ഞു; സ്ത്രീസമൂഹമേ! നിങ്ങൾ ധർമം ചെയ്യുക.

وما رواه الترمذى بسنده عن أبى هريرة رضي الله عنه أن رسول الله ﷺ خطب الناس فوعظهم ، ثم قال: "يا معشر النساء تصدقن ......" الحديث.

ദീർഘമായി ഓതി ഇമാം നിന്ന് നമസ്കരിക്കുന്ന വ്യക്തിയെ കുറിച്ച് പരാതി ലഭിച്ച സന്ദർഭത്തിൽ ഇബ്നു മസ്ഊദ് ഓർക്കുന്നു: 'നബിയെ ഒരു വഅ്ള് വേളയിലും ഇത്ര ക്രുദ്ധനായി ഞാൻ കണ്ടിട്ടില്ല.'

ഖുർആനിലും ഹദീസിലും പറഞ്ഞ കഥകളെല്ലാം വഅ്ളാണ്, പാഠങ്ങളാണ്, ഉദ്ബോധനങ്ങളാണ്. ആദം(അ) മുതൽ മുഹമ്മദ് നബി(സ) വരെയുള്ള നിരവധി പ്രവാചകന്മാരുടെ ചരിത്രം വിശദമായി പ്രതിപാദിച്ചത് വഅ്ളിന്റെയും ഉപദേശത്തിന്റെയും ഭാഗമായാണ്. പല അധ്യായങ്ങളിലും ആവർത്തിച്ച് ഈ ചരിത്രങ്ങൾ വായിക്കാം. സദ്‌വൃത്തരായ പല മഹാന്മാരുടെ കഥകളും ഖുർആനിലുണ്ട്. ഫിർഔൻ കുടുംബത്തിലെ സത്യവിശ്വാസി, യാസിർ കുടുംബത്തിലെ വിശ്വാസി, മൂസാ നബി കണ്ട സദ്‌വൃത്തനായ ദൈവദാസൻ, ഗുഹാവാസികൾ, മർയം...... ഇതേപോലെ ഹദീസിലുമുണ്ട് കഥകൾ. ഗുഹയിൽ കുടുങ്ങിയ ഗുണവാന്മാർ, പാണ്ഡുരോഗിയുടെയും അന്ധന്റെയും കഷണ്ടിത്തലയന്റെയും കഥ, കുട്ടിയുടെയും പുരോഹിതന്റെയും കഥ - ഇവയെല്ലാം ഉപദേശങ്ങൾക്കും ഉദ്ബോധനങ്ങൾക്കും ഉപയോഗപ്പെടുത്തപ്പെടേണ്ടവയാണ്.

വഅ്ളിനെ അതിന്റെ പൂർവപ്രതാപത്തോടെ തിരിച്ചുകൊണ്ടുവരേണ്ടതുണ്ട്. മതവിദ്യാഭ്യാസത്തിന് വലുതായൊന്നും അവസരം ലഭിച്ചിട്ടില്ലാത്ത യുവതലമുറക്കും മതവിജ്ഞാനം വേണ്ടയളവിൽ കിട്ടിയിട്ടില്ലാത്ത ബഹുജനങ്ങൾക്കും ദീനിനെ സംബന്ധിച്ച സാമാന്യജ്ഞാനം മാത്രം കൈമുതലാക്കിയ അഭ്യസ്തവിദ്യർക്കും വീട്ടുകാര്യങ്ങളുമായി കെട്ടിമറിയുന്നതിനാൽ അവസരം നഷ്ടപ്പെടുന്ന വനിതകൾക്കും എല്ലാം പ്രയോജനപ്പെടുന്ന വിധത്തിൽ ആസൂത്രിതമായി നടത്തപ്പെടുന്ന പ്രബോധന പ്രവർത്തനമായി വഅ്ളുകൾ പുനഃസംവിധാനിക്കണം. ശക്തമായ ഈ പ്രബോധനമാധ്യമത്തിന്റെ അപാര സാധ്യതകൾ മനസ്സിലാക്കി പ്രസ്ഥാനത്തിന്റെ ആരോഗ്യകരവും കാര്യക്ഷമവുമായ ഇടപെടൽ ആവശ്യമായ കാലഘട്ടമാണിത്. ■